(ബി) ഇദ്ദേഹത്തിന്റെ ഭാര്യ കെ. ബേബി ഗിരിജ ഫാമിലിപെൻഷന് ലഭിക്കുന്നതിനുവേണ്ടി നൽകിയ അപേക്ഷ പരിഗണിച്ച് പെൻഷൻ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) ബേബി ഗിരിജയ്ക്ക് ആശ്രിത നിയമനവും ഫാമിലി പെൻഷനും നൽകുന്നതിനുള്ള പ്രയാസമെന്തെന്ന് വിശദമാക്കുമോ:

(ഡി) ആശ്രിത നിയമനവും ഫാമിലി പെൻഷനും ബേബി ഗിരിജയ്ക്ക് എന്ന് നൽകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പെൻഷൻ നൽകുന്നതിന് അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭിച്ച അനുവാദം 28-6-2005-ൽ പ്രിൻസിപ്പാളിന് അയച്ചുകൊടുത്തിട്ടുണ്ട്.

(സി) ഫാമിലി പെൻഷൻ അനുവദിക്കുന്നതിനുവേണ്ടി സേവന പുസ്തകം അക്കൗണ്ടന്റ് ജനറലിന് അയച്ചുകൊടുത്തിരുന്നു. സേവന പുസ്തകം തിരികെ ലഭിക്കാനുണ്ടായ കാലതാമസം മൂലമാണ് ആശ്രിത നിയമനത്തിലുള്ള അപേക്ഷയിൻമേൽ നടപടിയെടുക്കാൻ കഴിയാതിരുന്നത്.

(ഡി) ആശ്രിതനിയമനവും ഫാമിലി പെൻഷനും ശ്രീമതി ബേബി ഗിരിജയ്ക്ക് ഉടൻ ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

ഇ. എസ്. ഐ. ആശുപത്രിയുടെ പ്രവർത്തനം

86 [2223] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇ. എസ്. ഐ. ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ആശുപത്രി വികസന സമിതികളും രൂപീകരിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ വിവിധ ഇ.എസ്.ഐ. ആശുപത്രി സൂപ്രണ്ടുമാർ എന്തെല്ലാം നടപടികളും സ്വീകരിച്ചിട്ടുണ്ട്;

(സി) ഇ. എസ്. ഐ. ആശുപത്രികളിൽ ഡോക്ടർമാർ, പാരാ മെഡിക്കൽ സ്റ്റാഫ്, മരുന്ന് എന്നിവ ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) എങ്കിൽ ഇതിനാവശ്യമായ ഫണ്ട് അനുവദിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആശുപത്രി വികസന സമിതിയിൽ ഉൾപ്പെടുത്തേണ്ട ഔദ്യോഗിക അംഗങ്ങളുടേയും അനൗദ്യോഗിക അംഗങ്ങളുടേയും പട്ടിക എല്ലാ ആശുപത്രിയിൽ നിന്നും ലഭ്യമാക്കിയത് പരിശോധനയിലാണ്.

(സി) ആശുപത്രികളിൽ ഉണ്ടാകുന്ന ഡോക്ടർമാരുടേയും പാരാ മെഡിക്കൽ സ്റ്റാഫിന്റെയും ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നു. പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിൽ ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും കരാർ അടിസ്ഥാനത്തിലും നിയമനം നടത്തിയിട്ടുണ്ട്. മരുന്നുകൾ ഇൻഡന്റ് അനുസരിച്ച് യഥാസമയം വിതരണം ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇണ്ട്.

എഴുകോൺ ഇ. എസ്. ഐ. ആശുപത്രി

87 [2224] ശ്രീ. എഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എഴുകോൺ ഇ.എസ്.ഐ. ആശുപത്രിയിൽ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു;

(ബി) ഈ ആശുപത്രിയിൽ ഏതൊക്കെ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ പ്രവർത്തിക്കുന്നു;

(സി) ഈ ആശുപത്രിയോടനുബന്ധിച്ച് ആയുർവ്വേദ വിഭാഗം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) എഴുകോൺ ഇ.എസ്.ഐ. ആശുപത്രിയുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തി സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയാക്കി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആശുപത്രിയിലെ പ്രവർത്തനരഹിതമായ ഉപകരണങ്ങൾ മാറ്റി പകരം പുതിയ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ആശുപത്രികളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനായി ആശുപത്രി വികസന സമിതി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി എഴുകോൺ ഇ. എസ്. ഐ. ആശുപത്രിയിലും കമ്പ്യൂട്ടർ സ്ഥാപിച്ചിട്ടുണ്ട്.

(ബി) ഈ ആശുപത്രിയിൽ സർജറി, ഗൈനക്കോളജി, പീഡിയാട്രിക്സ്, അനസ്തേഷ്യ, ഓർത്തോപീഡിക്സ്, ഡെന്റൽ സർജറി എന്നീ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ പ്രവർത്തിക്കുന്നു;

(സി) ഈ ആശുപത്രിയോടനുബന്ധിച്ച് 20 കിടക്കകളുള്ള ആയുർവ്വേദ ചികിൽസാ വിഭാഗം ആരംഭിക്കുന്നതിനായുള്ള പ്രപ്പോസൽ അനുമതിക്കായി ഇ.എസ്.ഐ. കോർപ്പറേഷന് അയച്ചുകൊടുത്തിട്ടുണ്ട്.

(ഡി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

കോഴിക്കോട്ടുള്ള തനിമ കോ-ഓപ്പറേറ്റീവ് ഹോട്ടൽ സൊസൈറ്റിയിലെ ജീവനക്കാരുടെ ഇ. എസ്. ഐ. വിഹിതം

88 [2225] ശ്രീ. ടി.പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്ടുള്ള തനിമ കോ-ഓപ്പറേറ്റീവ് ഹോട്ടൽ സൊസൈറ്റിയിലെ ജീവനക്കാരെ ഇ. എസ്. ഐ. പരിധിയിൽനിന്നും ഒഴിവാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഭരണസമിതിയിൽ നിന്നും എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly